**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1015** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പുതിയ അധ്യയന വർഷം ആരംഭിക്കുകയും മഴ ശക്തിയാർജിക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 2026-27 അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ വിദ്യർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് സർക്കുലർ മുഖേന നൽകിയിരുന്നു. കൂടാതെ 2026-27 അധ്യയന വർഷത്തേയ്ക്കായി ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ LSGD,ആരോഗ്യ വകുപ്പ്, KSEB, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ സുരക്ഷാ പരിശോധനകൾ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നു.

സ്കൂൾ സുരക്ഷാ മാന്വൽ തയ്യാറാക്കി അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകളിൽ 'School Inspection Special Drive' സംഘടിപ്പിച്ച് പരിശോധനകൾ നടത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസും സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കവും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** വിദ്യാർഥികളുടെയും വിദ്യാലയങ്ങളുടെയും സമഗ്ര സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്, സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കം, മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**